**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5871** **16-03-2023 - ൽ മറുപടിയ്ക്ക്**

**മരണപ്പെട്ടവർക്ക് സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്തതിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പത്തനംതിട്ട നഗരസഭയിൽ മരണപ്പെട്ടവർക്ക് സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്തത് സംബന്ധിച്ച് വകുപ്പ് തല അന്വേഷണം നടത്തിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | വകുപ്പ് തല അന്വേഷണം നടത്തിയിട്ടില്ല. മരണപ്പെട്ടവർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ നൽകിയതായി കണ്ടെത്തിയിട്ടില്ല. മരണപ്പെട്ടവർക്ക് പത്തനംതിട്ട നഗരസഭയിൽ നിന്നും ക്ഷേമ പെൻഷൻ വിതരണം ചെയ്തു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾ നഗരസഭ വിശദമായ പരിശോധന നടത്തിയിരുന്നു. 2020-21-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തിൽ സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട ഒരു ഭാഗം, യാതൊരു അന്വേഷണവും നടത്താതെ വാർത്താ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ വാർത്ത പ്രചരിക്കാൻ ഇടയായത്. പെൻഷൻ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ സഹകരണ ബാങ്കുകളിൽ നിന്ന് വാങ്ങുകയും ആയതുപ്രകാരം മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്തിട്ടില്ല എന്ന് വ്യക്തമാകുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട നഗരസഭയ്ക്കോ, സർക്കാരിനോ യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പത്തനംതിട്ട നഗരസഭയിൽ മരണപ്പെട്ട എത്ര പേർക്ക് പ്രസ്തുത പെൻഷൻ നൽകിയതായി കണ്ടെത്തിയിട്ടുണ്ട്; ഈ ഇനത്തിൽ ആകെ എത്ര തുക നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്; ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | വകുപ്പ് തല അന്വേഷണം നടത്തിയിട്ടില്ല. മരണപ്പെട്ടവർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ നൽകിയതായി കണ്ടെത്തിയിട്ടില്ല. മരണപ്പെട്ടവർക്ക് പത്തനംതിട്ട നഗരസഭയിൽ നിന്നും ക്ഷേമ പെൻഷൻ വിതരണം ചെയ്തു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾ നഗരസഭ വിശദമായ പരിശോധന നടത്തിയിരുന്നു. 2020-21-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തിൽ സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട ഒരു ഭാഗം, യാതൊരു അന്വേഷണവും നടത്താതെ വാർത്താ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ വാർത്ത പ്രചരിക്കാൻ ഇടയായത്. |

| | | | |
|---|---|---|---|
| | | | പെൻഷൻ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ സഹകരണ ബാങ്കുകളിൽ നിന്ന് വാങ്ങുകയും ആയതുപ്രകാരം മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്തിട്ടില്ല എന്ന് വ്യക്തമാകുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട നഗരസഭയ്ക്കോ, സർക്കാരിനോ യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ